**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 131** **05-07-2022 - ൽ മറുപടിയ്ക്ക്**

**വാതിൽപ്പടി മൃഗചികിത്സാ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് രാത്രികാലങ്ങളിൽ ചികിത്സാ സേവനം കർഷകർക്ക് ആവശ്യമായി വരുന്ന സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | അടിയന്തര സാഹചര്യങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഉണ്ട്. മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും രാത്രി സമയങ്ങളിൽ അടിയന്തര മൃഗചികിത്സ നൽകുന്നതിനായും കർഷകരുടെ വീട്ടുപടിക്കൽ ആരോഗ്യ സുരക്ഷാ സേവനങ്ങൾ നൽകുന്നതിനായും രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നിലവിൽ നടപ്പിലാക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. മൃഗാശുപത്രികളുടെ പ്രവർത്തന സമയ ശേഷം മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ആവശ്യമായ അടിയന്തിര മൃഗചികിത്സാ സേവനങ്ങൾ വീട്ടുപടിക്കൽ നൽകുവാനുമാണ് രാത്രികാല അടിയന്തിര വെറ്ററിനറി സേവനം പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ 156 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ജീവനക്കാരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ്. |

| | | | |
|---|---|---|---|
| | | | വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണിവരെയാണ് ഈ പദ്ധതി പ്രകാരം സേവനം ലഭിക്കുന്നത്. അടിയന്തിര ജീവൻരക്ഷാ മരുന്നുകൾ വാങ്ങുന്നതിന് പ്രത്യേക ഫണ്ട് വകയിരുത്തുന്നു. കർഷകരുമായി ബന്ധപ്പെടുന്നതിനുള്ള ടെലഫോൺ അലവൻസ് അനുവദിക്കുന്നു. പദ്ധതി സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ പരിശോധന, മേൽനോട്ടം, കൂടാതെ പൊതുജനങ്ങളുടെ പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ വിലയിരുത്തി പദ്ധതി ഫലപ്രദമായി നടപ്പിലാക്കിവരുന്നു. |
| (ഡി) | മൃഗ സംരക്ഷണ മേഖലയിലെ കർഷകർക്ക് ഏറെ ആശ്വാസകരമാകുന്ന ഈ പദ്ധതി കൂടുതൽ സേവനങ്ങൾ ഉൾപ്പെടുത്തി വിപുലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, മൊബൈൽ സർജറി യൂണിറ്റുകൾ മുതലായ സേവനങ്ങൾ കൂടി ഉൾപ്പെടുത്തി വാതിൽപ്പടി സേവനം കൂടുതൽ വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ